(ബി) (1) കൊച്ചിൻ—ഉദ്യോഗമണ്ഡൽ കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ.

(2) ചമ്പക്കരകനാലിന്റെ (രണ്ടാംഘട്ടം) വികസനം.

(3) ഡഡ്ജേർസ് വാങ്ങുന്നതിനുള്ള പദ്ധതി.

(4) വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം.

(5) വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം—കൊച്ചി ഭാഗത്ത് ഹൈഡ്രോഗ്രാഫിക് സർവ്വേ.

(സി) കൊച്ചിൻ-ഉദ്യോഗമണ്ഡൽ കനാൽ (ചമ്പക്കര കനാലിന്റെ രണ്ടാംഘട്ടം) വികസനത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം—കൊച്ചി ഭാഗത്ത് ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിനും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) ഓരോ പദ്ധതികൾക്കുമുള്ള കേന്ദ്ര സഹായം താഴെപറയും പ്രകാരമാണ്:

(1) കൊച്ചിൻ—ഉദ്യോഗമണ്ഡൽ കനാൽ 189.80 ലക്ഷം രൂപ എസ്റ്റിമേറ്റ് (50% കേന്ദ്ര സഹായം)

(2) ചമ്പക്കര കനാൽ രണ്ടാംഘട്ടം 155.25 ലക്ഷം രൂപ എസ്റ്റിമേറ്റ് (50% കേന്ദ്ര സഹായം)

(3) കൊല്ലം—കൊച്ചി ഭാഗത്തെ (വെസ്റ്റ് കോസ്റ്റ് കനാലിന്റെ) ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിലേയ്ക്കായി 19.80 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും അതിൽ 10 ലക്ഷം രൂപ ത്തുക അനുവദിച്ചുകിട്ടിയിട്ടുമുണ്ട്.

വിദേശമദ്യങ്ങൾ വാങ്ങുന്നതിനുള്ള ഫോർമുല

* 460 [490] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യങ്ങൾ വാങ്ങിക്കുന്നതിനും വിൽക്കുന്നതിനും ബീവറേജസ് കോർപ്പറേഷൻ രൂപം കൊടുത്ത ഫോർമുല എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫോർമുല ഗവൺമെന്റ് നിർദ്ദേശങ്ങൾക്കനുസൃതമാണോ;

(സി) ഈ ഫോർമുല പ്രകാരം സംസ്ഥാനത്ത് ഡിമാൻറുള്ള പല മദ്യങ്ങളും വിൽക്കാൻ സാദ്ധ്യമല്ലെന്ന് അറിയുന്നത് ശരിയാണോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഒരു മാസത്തെ ശരാശരി മദ്യവിൽപ്പനയുടെ രണ്ടര ഇരട്ടിയിൽ നിന്നും, ബാക്കിയുള്ള സ്റ്റോക്കും, ഓർഡർ കൊടുത്തിട്ട് എത്തിക്കാതിരുന്ന മദ്യവും കുറച്ചുകിട്ടുന്ന അത്രയും മദ്യത്തിനാണ്, ഒരു മാസം ഒരു കമ്പനിക്ക് ഓർഡർ കൊടുക്കുന്നത്.

വിദേശമദ്യങ്ങൾ പ്രത്യേകിച്ച്, ഫോർമുല ഇല്ല. ലൈസൻസികളുടെ ആവശ്യമനുസരിച്ചാണ് വിതരണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഫോർമുല അംഗീകരിച്ചുകൊണ്ട് പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നും ഗവൺമെന്റ് നൽകിയിട്ടില്ല. ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഏറെക്കുറെ ശരിയാണ്. ഇത് തിരുത്താനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

സ്വകാര്യ ബസ്സ് ജീവനക്കാർക്ക് ഫെയർ വേജസ്

* 461 [491] ശ്രീ. വി. കേശവൻ:

,, ഒ. ഭരതൻ:

,, കെ. പുരുഷോത്തമൻ:

,, കെ. പി. അരവിന്ദാക്ഷൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയ്ക്കു മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ബസ്സ് ജീവനക്കാർക്ക് ഫെയർ വേജസ് നടപ്പിലാക്കിയിട്ട് എത്രവർഷക്കാലമായി;

(ബി) ഫെയർ വേജസ് പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഫെയർ വേജസ് പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 15 വർഷമായി.

(ബി) സ്വകാര്യ ബസ്സ് ജീവനക്കാരുടെ വേതന ഘടന പുതുക്കി നിശ്ചയിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 10-10-1985 മുതൽ പല പ്രാവശ്യം യോഗം കൂടുകയുണ്ടായി. ബഹു. കേരള മുഖ്യ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 14-11-1986-ൽ ഇതു സംബന്ധിച്ച ഒരു ചർച്ചയും നടക്കുകയുണ്ടായി.

(സി) 13 ട്രേഡ് യൂണിയനുകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്†

ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നിവയുടെ നടത്തിപ്പിൽ പ്ലാനിംഗ് കമ്മീഷന്റെ പഠന സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾ

* 462 [492] ശ്രീ. കെ. സി. ജോസഫ്:

,, സ്റ്റീഫൻ പാദുവ:

,, എൻ. ശക്തൻ നാടാർ:

,, ജി. കാർത്തികേയൻ:

,, എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സഭയ്ക്കു മറുപടി നൽകുമോ:

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly